മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ലഭ്യത

116 [306] ശ്രീ. കെ. ബാബു:

,, എൻ. ഡി. അപ്പച്ചൻ:

,, ടി. എൻ. പ്രതാപൻ:

,, വി. ഡി. സതീശൻ:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യബന്ധന തുറമുഖങ്ങളുണ്ട്;

(ബി) മത്സ്യബന്ധന തുറമുഖങ്ങളുള്ള സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് എല്ലാ ദിവസവും തൊഴിൽ ലഭിക്കാറുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര ദിവസം തൊഴിൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധന തുറമുഖമില്ലാത്ത സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രതിവർഷം എത്ര ദിവസം തൊഴിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാത്ത കാലഘട്ടത്തിൽ അവർക്കുവേണ്ടി എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചി മത്സ്യബന്ധന തുറമുഖമുൾപ്പെടെ സംസ്ഥാനത്ത് 14 മത്സ്യബന്ധന തുറമുഖങ്ങളുണ്ട്. (കമ്മീഷൻ ചെയ്തത്-7, നിർമ്മാണം നടക്കുന്നത്-7).

(ബി) ഇല്ല.

(സി) വർഷത്തിൽ ഏകദേശം 280 ദിവസം തൊഴിൽ ലഭിക്കുന്നുണ്ട്.

(ഡി) പരമാവധി 200 ദിവസം.

(ഇ) തൊഴിൽ ലഭിക്കാത്ത കാലഘട്ടങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം ലഭിക്കുന്നതിനായി പഞ്ചമാസ സമ്പാദ്യ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം കടലോര മേഖലയിൽ നാലു മാസവും ഉൾനാടൻ മേഖലയിൽ മൂന്നു മാസവും ആശ്വാസധനം നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളി വിഹിതം ഉൾപ്പെടെ പ്രതിമാസം 300 രൂപയാണ് ഈയിനത്തിൽ ഓരോ മത്സ്യത്തൊഴിലാളിക്കും ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly